**Your musical journey in Australia.**

I feel very blessed, because it has been a wonderful and fulfilling journey. Immigrated to Australia in September 2016. Once, I met few people from Adelaide Drumming Community and I played my music there. They recognized my music talent without me giving an explanation about it. After that, one person from the Drumming Community connected me to perform the music at Trinity Church in November 2016. Thus performing Sufi music in Adelaide to a live audience became a reality. It was a beautiful experience among a crowd of 200-250 people and I became very emotional with the audience response.

**What's the receptiveness of Australians and other multicultural people in terms of Sufism and Sufi Music?**

Australia as a multicultural community already had an admiration for this unique genre of music, that is Sufi music. Renowned Sufi musician, the late Ustad Nusrat Fateh Ali Khan who toured Australia in 1992 and in 1995 had a major role in promoting Sufi music in this country. I am so amazed with Australian's interest in Sufi music. They have good insights about Sufism and Sufi music. Whenever I perform concerts, people approach and talk to me in detail about Sufi music, Sufi poets, books etc. The audience in Australia are very receptive and open towards world music and has big heart to create spaces and opportunities.



## Awards

1. UNESCO city of music award at South Australian Music Awards 2020 for Best International collaboration for song " MaulaYali"
2. Global music award (Outstanding Achievement Category) for song "Saavan"
3. American Track Music Award TMA – Best International song of the month for "Saavan"

**LINKS**

Haseebi : Recent International collaboration between Adelaide, Calgary and Karachi

https://www.youtube.com/watch?v=YUMgnjkJgyE

Saavan : Global Music Award and TMA

https://www.youtube.com/watch?v=VD9FFnrbfIM

Maula Ya Ali: UNESCO city of Music Awards

https://www.youtube.com/watch?v=8czLdUoHAqY

Ali Ali (Manqabat) feature film Track

https://www.youtube.com/watch?v=9WthawMedes



# തിരിച്ചുവരവ്

ഈ മഴയിൽ,
നനഞ്ഞു നിൽക്കുന്ന
നിന്റെ ഇലകളെ നോക്കി
ഞാൻ വെറുതേയിരിക്കും..
മഴ പൊഴിക്കുന്ന,
ഓർമകളുടെ മഴത്തുള്ളികൾ
ഓരോ നിമിഷവും
നിന്നെ ചേർന്ന് നിന്ന്–
പിന്നെ
പിടി വിട്ട് താഴേക്കുവീഴുന്നതും
നോക്കി..

ചിലപ്പോഴെങ്കിലും
നമ്മെവിട്ട് ഏറ്റവും പ്രിയപ്പെട്ടവർ
പോകുന്ന വേളയിൽ
നമ്മളൊരു പുതുനാമ്പു നടും..
അവരുടെ ജീവനുറങ്ങുന്ന
കുഴിമാടത്തിൽ..
എന്നാൽ
നീ ജീവിച്ചിരിക്കെ തന്നെ
ഞാൻ ഈ മരം
നിനക്കായി നട്ടിരിക്കുന്നു..
ഓർമകളുടെ മഴയും വെയിലും
മാത്രമായിരിക്കണം
നിനക്ക് വളമായത്..
വർഷങ്ങൾക്കിപ്പുറം നീ
മഞ്ഞപ്പൂക്കൾ നിറഞ്ഞ ജീവിതമായി
എന്നിൽ ചേർന്ന് നിൽക്കുന്നു.
ഓർമകളുടെ സുഗന്ധത്തേക്കാൾ,
നീ എന്റെ ജീവിതത്തിന്റെ
തായ്‌വേരാകുന്നു.

ഓരോ മനുഷ്യനും,
ചില നേരങ്ങളിൽ...
ചില കാലങ്ങളിൽ
നമ്മുടെ യാത്രയിൽ
കൈ ചേർത്തു പിടിക്കുന്നു..
വഴിവിളക്കാവുന്നു..
പറിച്ചെറിയാനാവാത്ത വിധം
നമ്മൾ തന്നെയായിത്തീരുന്നു..
പിന്നെയൊരുനാൾ,
യാത്ര പറയാതെ ഇറങ്ങിപോകുമ്പോ–
അതിന് മുൻപേ ഞാൻ
നിനക്കുവേണ്ടിയുള്ള കാത്തിരിപ്പിന്റെ
വിത്തുകൾ മണ്ണിന്റെ ആഴങ്ങളിൽ
വിതച്ചു കഴിഞ്ഞിരുന്നു.

അങ്ങനെ ഓരോ മരവും
ഓരോ മനുഷ്യരുടെ പേര്
എന്നെ ഓർമപ്പെടുത്തുന്നു..
വീണ്ടും കണ്ടെടുക്കാനിഷ്ടപ്പെടുന്ന
ഓർമകളുടെ സുഗന്ധമാകുന്നു.

ഈ നിമിഷം,
ഈ മരങ്ങൾക്കിടയിൽ
ഒറ്റയ്ക്കിരിക്കുമ്പോഴും..
ഞാൻ ഒറ്റയല്ലാതാവുന്നു..
ഞാൻ സ്നേഹത്താൽ ചുറ്റപ്പെട്ട
ഓർമകളുടെ ദ്വീപായി മാറുന്നു..

സുമി അനിരുദ്ധൻ

# അഡ്‌ലെയിഡിലെ നർത്തകികൾ





ഊർമിള കൃഷ്ണദാസ്

" അഡലെയ്ഡിലേക്കുള്ള കുടിയേറ്റത്തിനൊപ്പം മലയാമയുടെ മണ്ഡപത്തിൽ മുദ്രകളും ചുവടുകളും നൂപുരങ്ങളുമായി സ്ഥാനമുറപ്പിക്കുക കൂടിയാണ് പ്രിയ രമേഷും അഖില ഗോവിന്ദും ചെയ്തത് "

## അഖില ഗോവിന്ദ്

'തൊട്ടതെല്ലാം പൊന്നാക്കുക' എന്നത് ചിലരെയെങ്കിലും സംബന്ധിച്ച് വെറുമൊരു പഴമൊഴി അല്ല! ആത്മാർത്ഥമായ ആഗ്രഹത്തോടെ പരിശ്രമിച്ചാൽ നൃത്തത്തിന്റെ വഴിയിലും ഏതൊരു ഭൂമികയും വെട്ടിപിടിക്കാം എന്ന് തെളിയിച്ച കലാകാരിയാണ് അഡ്ലെയിഡിന്റെ പ്രിയപ്പെട്ട നർത്തകിയും നൃത്ത അദ്ധ്യാപികയുമായ അഖില ഗോവിന്ദ്. 'നൃത്യ ഡാൻസ് അക്കാദമി' എന്ന സ്ഥാപനം നടത്തുന്ന അഖില തന്റെ നൃത്ത ജീവിതത്തെ കുറിച്ചും നേട്ടങ്ങളെക്കുറിച്ചും അമ്മ പ്രവാസി മാഗസിനോട് മനസ്സ് തുറക്കുന്നു.

### നൃത്തത്തിലേക്കുള്ള താൽപര്യം

അച്ഛന്റേയും അമ്മയുടെയും താല്പര്യപ്രകാരമാണ് വളരെ ചെറുപ്രായത്തിലെ നൃത്തം അഭ്യസിച്ചു തുടങ്ങിയത്. ആദ്യകാലങ്ങളിൽ വലിയ താല്പര്യം തോന്നിയിരുന്നില്ലെങ്കിലും പിന്നീട് കുറച്ചു മുതിർന്നപ്പോൾ സ്വന്തമായ ആഗ്രഹം കൊണ്ട് വളരെ ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ പരമാവധി എല്ലാ നൃത്ത രൂപങ്ങളും പരിശീലിച്ചു.

### ഗുരുക്കന്മാർ

സ്വന്തം ഗുരുവായ ഗിരിജ ചന്ദ്രന്റെ കീഴിൽ ഭരതനാട്യം, കുച്ചുപുടി, മോഹിനിയാട്ടം എന്നിവയിൽ തിരുവനന്തപുരത്തെ റിഗാറ്റ കൾച്ചറൽ സൊസൈറ്റിയിൽ നിന്നും ശിക്ഷണം നേടി. നാലുവയസ്സ് മുതൽ ഡിഗ്രി കാലഘട്ടം

വരെ ഒരേ ഗുരുവിന്റെ കീഴിൽ പഠിക്കാനുള്ള ഒരു ഭാഗ്യവും എനിക്കുണ്ടായി.

## ഓസ്ട്രേലിയയിലേക്കുള്ള ചേക്കേറൽ

ഓസ്ട്രേലിയയിൽ വന്ന ശേഷം 2012 ൽ വരുംവരായ്കകളെപ്പറ്റി ഒന്നും തന്നെ ചിന്തിക്കാതെയാണ് 'നൃത്ത്യ ഡാൻസ് അക്കാദമി' എന്ന നൃത്ത വിദ്യാലയം ആരംഭിക്കുന്നത്. അന്ന് നേരിട്ട പ്രധാന വെല്ലുവിളി ആളുകൾക്ക് ശാസ്ത്രീയ നൃത്ത രൂപങ്ങളെ പറ്റിയുള്ള അവബോധമില്ലായ്മ ആയിരുന്നു. എന്നും ആളുകൾ സിനിമാറ്റിക് ഡാൻസ് മാത്രം പഠിക്കാൻ ഇഷ്ടപ്പെട്ടിരുന്നു.

ആറു വയസ്സിനു മുകളിലുള്ള കുട്ടികൾക്കാണ് നൃത്ത്യ ഡാൻസ് അക്കാദ മിയിൽ പ്രവേശനം ലഭിക്കുക. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി എന്നീ നൃത്ത രൂപങ്ങളാണിവിടെ അഭ്യസിപ്പിക്കുന്നത്.

## വിജയരഹസ്യം

നൃത്ത വിദ്യാലയം തുടങ്ങിയിട്ട് പത്ത് വർഷം പിന്നിടുമ്പോൾ ധാരാളം വിദ്യാർഥികളെ നൃത്തത്തിന്റെ പാതയിലേക്ക് നയിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യവും സന്തോഷവും പറഞ്ഞറിയിക്കാനാകാത്തതാണ്. ഭർത്താവിന്റേയും കുട്ടികളുടെയും ശക്തമായ പിന്തുണയും സ്വന്തം കഠിനാധ്വാനവുമാണ് ഈ വിജയങ്ങൾക്കെല്ലാം കാരണം.

## ഫിറ്റ്നസ്

നർത്തകി ആകണമെങ്കിൽ പരിശീലനത്തിനൊപ്പം ഫിറ്റ്നസ് നിലനിർത്തേണ്ടത് വളരെ അത്യാവശ്യമാണ്. അതിനാൽ എന്നും ക്ലാസ്സ് തുടങ്ങുന്നതിനു മുൻപ് 15 മിനിറ്റെങ്കിലും കുട്ടികളെകൊണ്ട് എക്സെർസൈസ് ചെയ്യിക്കാറുണ്ട്.

ഒരിക്കൽ നാട്ടിൽ പോയപ്പോൾ പ്രശസ്ത നർത്തകി മേതിൽ ദേവികയുടെ ഒരു പരിശീലനക്കളരിയിൽ പങ്കെടുത്തപ്പോഴാണു നൃത്ത പരിശീലനത്തിന് മുൻപുള്ള വാമിംഗ് അപ് സെഷന്റെ പ്രാധാന്യം മനസ്സിലാകുന്നത്. അതിനാൽ ഇപ്പോൾ യോഗയും സ്ട്രെച്ചിങ്ങും കൂടി ചേർന്നുള്ളൊരു എക്സർസൈസ് രീതിയാണ് പിന്തുടരുന്നത്. ഇത് കുട്ടികൾക്ക് നൃത്തം ചെയ്യുമ്പോഴുള്ള ശരീര വഴക്കത്തിനു വളരെ സഹായകമാകുന്നുണ്ട്.

പ്രോഗ്രാമുകൾക്കുള്ള ക്ഷണം വരുമ്പോൾ സംഘാടകരുടെ അഭിപ്രായം മാനിക്കുകയും, കാണികളുടെ ഇഷ്ടങ്ങളും കൂടെ പരിഗണിക്കുകയും ചെയ്താണ് ഏതു തരത്തിലുള്ള നൃത്ത രൂപം അവതരിപ്പിക്കണമെന്നു തീരുമാനിക്കുന്നത്.

## പുതിയ തലമുറയ്ക്കുള്ള സന്ദേശം

ഒരു പരിപാടി അവതരിപ്പിക്കുക എന്നതിനപ്പുറം നൃത്തത്തെയും നമ്മുടെ സംസ്കാരത്തെയും കുറിച്ച് പഠിക്കാനുള്ള ഒരുപാധിയായി നൃത്ത പഠനത്തെ കാണുക. മറ്റാരുടേയും നിർബന്ധത്തിനു വഴങ്ങിയല്ലാതെ സ്വന്തം ആഗ്രഹപ്രകാരം അർപ്പണബോധത്തോടെ മുന്നേറിയാൽ ആർക്കും നൃത്തത്തിന്റെ പാതയിൽ വിജയം സുനിശ്ചിതം.

**അഡ്ലെയിഡിന്റെ കലാസദസ്സുകളിൽ എന്നും നിറഞ്ഞു ജ്വലിക്കാൻ അഖിലയെ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്നാശംസിക്കുന്നു.**

> “ആത്മാർത്ഥമായ ആഗ്രഹത്തോടെ പരിശ്രമിച്ചാൽ നൃത്തത്തിന്റെ വഴിയിലും ഏതൊരു ഭൂമികയും വെട്ടിപിടിക്കാം എന്ന് തെളിയിച്ച കലാകാരി മാരാണ് അഖില ഗോവിന്ദ്, പ്രിയ രമേഷ് എന്നിവർ ”

# പ്രിയ രമേഷ്

ജന്മനാടിനെയും ഉറ്റവരേയും വിട്ട് പ്രവാസിയാകാൻ തീരുമാനിക്കുന്ന ഏതൊരു വ്യക്തിയുടെയും സ്വപ്നമാണ് അന്യനാട്ടിൽ ഒരു തൊഴിൽ അല്ലെങ്കിൽ സ്വന്തമായി ഒരു മേൽവിലാസം ഉണ്ടാക്കിയെടുക്കുക എന്നത്. അതുപോലൊരു നേട്ടം കൈവരിക്കാനാവുന്നത് ചെറുപ്പം മുതൽ കൂടെ കൂടിയ നൃത്തത്തിൽ കൂടിയാണെങ്കിലോ? അത് നൽകുന്ന സംതൃപ്തി, വേറെ തന്നെയാണ്. അത്തരമൊരു അപൂർവ്വ സൗഭാഗ്യത്തിനുടമയാണ് അഡ്ലെയിഡ് മലയാളികളുടെ പ്രിയപ്പെട്ട നർത്തകി പ്രിയ രമേഷ്. കഴിഞ്ഞ പത്ത് വർഷമായി 'കലാലയ സ്കൂൾ ഓഫ് ഇന്ത്യൻ പെർഫോർമിംഗ് ആർട്ട്സ്" എന്ന നൃത്തവിദ്യാലയം നടത്തുന്ന പ്രിയ പിന്നിട്ട വഴികളിൽ നേരിട്ട പ്രതിബന്ധങ്ങളെയും വിജയരഹസ്യത്തെയും കുറിച്ച് അമ്മ പ്രവാസി മാഗസിനോട് തുറന്നു സംസാരിക്കുന്നു.

## നൃത്തത്തിലേക്കുള്ള താൽപര്യം

മൂന്നര വയസ്സ് മുതൽ നൃത്തം അഭ്യസിച്ചുവരുന്നു. അമ്മയും ചെറിയമ്മയും ആയിരുന്നു നർത്തകി ആകാനുള്ള പ്രചോദനം. മുതിർന്നു കഴിഞ്ഞപ്പോൾ പഠനത്തിൽ പിന്നോക്കമായാൽ പിന്നെ നൃത്തമില്ല, എന്ന് അച്ഛൻ പറഞ്ഞപ്പോൾ രണ്ടിലും ഒരുപോലെ മികവു പുലർത്തുക എന്നതായി പ്രധാന ലക്ഷ്യം, അങ്ങനെ അച്ഛനും അറിയാതെ ഒരു പ്രചോദനമായി മാറി. വിവാഹത്തിനുശേഷം നൃത്തത്തിനു കൂട്ടായി രമേഷും എത്തി. അറിയപ്പെടുന്ന ഒരു സംഗീതജ്ഞൻ കൂടിയായ രമേഷാണ് പ്രധാന വിമർശകനും പിൻബലവും. രമേശ് തന്നെയാണു കലാലയയുടെ മേൽനോട്ടം വഹിക്കുന്നത്. കെ ജെ യേശുദാസ്, കെ എസ് ചിത്ര, സുജാത മോഹൻ തുടങ്ങി പ്രശസ്തരായ പല പിന്നണി ഗായകർക്കുമൊപ്പം രമേശ് മേനോൻ നിരവധി സംഗീത നിശകളിൽ പങ്കെടുത്തിട്ടുണ്ട്. ഇന്ത്യൻ സംസ്കാരവും കലകളും വിദേശ രാജ്യത്ത് പ്രചരിപ്പിക്കുക വഴി 2013 ൽ രമേശിനു ഫിലിം ക്രിട്ടിക്സ് അവാർഡ് ലഭിച്ചിരുന്നു.

## ഗുരുക്കന്മാർ

കലാമണ്ഡലം സതി ആണ് ആദ്യ ഗുരു. കലാമണ്ഡലം ഗോപിനാഥ് സാറിന്റെ കീഴിലാണ് നാടോടി നൃത്തം അഭ്യസിച്ചത്. പിന്നീട് നൃത്ത അദ്ധ്യാപികമാരായ രാജലക്ഷ്മി, സരള എന്നീ സഹോദരികളുടെ കീഴിൽ പഠനം തുടർന്നു. ബോംബെയിലേക്ക് താമസം മാറിയപ്പോൾ ജയശ്രീ നായർ ആയിരുന്നു ഗുരു. പിന്നീട് രാധാ ശിവകുമാറിന്റെ കീഴിൽ നൃത്തപഠനം തുടർന്നു. കലാമണ്ഡലം രീതിയിൽ ആയിരുന്നു കുട്ടിക്കാലം മുതൽ നൃത്തം അഭ്യസിച്ചതെങ്കിലും കുറച്ചു മുതിർന്നപ്പോൾ കലാക്ഷേത്ര രീതിയിൽ ആകൃഷ്ടയായി ആ രീതിയിലേക്ക് മാറുകയായിരുന്നു. അതുപോലെ പ്രശസ്ത മോഹിനിയാട്ടം നർത്തകി



ഗോപിക വർമ്മയുടെ കീഴിലും പഠനം തുടരുന്നു. 2011 ൽ ഗുരുവായ, കലൈമാമണി ഗോപിക വർമ്മയാണ് കലാലയ ഉദ്ഘാടനം ചെയ്തത്.

## ഓസ്ട്രേലിയയിലേക്കുള്ള ചേക്കേറൽ

2010 ൽ ഏകമകൻ അഖിലിന്റെ വിദ്യാഭ്യാസത്തിനായാണ് ബോട്സ്വാനയിൽ നിന്നും അഡ്‌ലെയിഡിലേക്ക്‌വരുന്നത്. ഇവിടെ ഒന്നും ശരിയായില്ലെങ്കിൽ തിരിച്ചുപോകാം എന്ന് കരുതിയെങ്കിലും, വന്ന് ഒരാഴ്ചയിൽ തന്നെ പ്രിയയ്ക്ക് ഒരു ഐ ടി കമ്പനിയിൽ ജോലി ലഭിച്ചു. തുടർന്ന് ഒഴിവു സമയം നൃത്തത്തിനു മാറ്റിവെക്കാനും സാധിച്ചു.

തിരക്കുള്ള ഐ ടി പ്രൊഫഷണൽ കൂടിയായ പ്രിയ ദിവസവും കുറഞ്ഞത് മൂന്നു മണിക്കൂറെങ്കിലും നൃത്തതിനായി മാറ്റി വയ്ക്കുന്നു. ശനി, ഞായർ അടക്കം ആഴ്ചയിൽ ആറു ദിവസം ക്ലാസുകൾ ഉള്ള കലാലയയിൽ ഇരുനൂറിൽ പരം വിദ്യാർത്ഥിനികൾ അഭ്യസിച്ചുവരുന്നു.

## വിജയ രഹസ്യം

ഈ വിജയത്തിനു പിന്നിലെ രഹസ്യം എന്തെന്ന് ചോദിച്ചാൽ പ്രിയയ്ക്ക് ഒരു ഒറ്റ ഉത്തരമേ ഉള്ളു കഠിനാധ്വാനം, പിന്നെ കുടുംബത്തിന്റെ ശക്തമായ പിന്തുണ.

## ഫിറ്റ്നസ്

കുട്ടികൾക്ക് അടവുകൾ കളിച്ചു കാണിച്ചു പഠിപ്പിക്കുന്നതിലൂടെ സ്വന്തം ഫിറ്റ്നസ് നിലനിർത്താൻ സാധിക്കുന്നു. കുട്ടികളുടെ ഫിറ്റ്നസ്സിനായി ഒരു വാം അപ് സെഷൻ ക്ലാസ്സിനു മുൻപായി നടത്തുകയും ചെയ്യുന്നു.

## സംഘാടക മികവ്

പഠനകാലം മുതൽ നല്ലൊരു സംഘാടക എന്ന നിലയിൽ കഴിവ് തെളിയിച്ച വ്യക്തിയാണ് പ്രിയ. കോളേജ് പഠന കാലത്ത് ആർട്സ് ക്ലബ് സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നീ പദവികളിലൂടെ നേടിയെടുത്ത സംഘാടനപാടവം അഡ്‌ലെയിഡിൽ സംഘടിപ്പിച്ച പല കലാപരിപാടികൾക്കും വലിയ മുതൽക്കൂട്ടായി. മെൽബണിലും, അഡ്‌ലെയിഡിലും സൂര്യ ഫെസ്റ്റിവലിന്റെ ഭാഗമായി നടത്തുന്ന പരിപാടികൾ മുഴുവനും പ്രിയ-രമേശ് ദമ്പതികളുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. കലാലയ വർഷാവർഷം നടത്തിവരുന്ന 'അമെയ്സിംഗ് ഇന്ത്യ' എന്ന നൃത്ത സംഗീത സന്ധ്യ വളരെയധികം പ്രശസ്തി നേടിക്കൊണ്ടിരിക്കുന്ന ഒരു പരിപാടിയാണ്. ഏറ്റെടുക്കുന്ന പരിപാടികളെല്ലാം വളരെ വിജയകരമായ രീതിയിൽ അവതരിപ്പിക്കാൻ മൂന്നു പേരടങ്ങുന്ന ഈ കുടുംബം കാഴ്ചവെക്കുന്ന കഠിനാധ്വാനം, ആത്മാർപ്പണം എന്നിവ പ്രശംസനീയമാണ്.

ഓസ്ട്രേലിയയിലെ പ്രശസ്ത ഇന്ത്യൻ കലാകാരന്മാരെ ഉൾപ്പെടുത്തി ഒരു നൃത്ത-സംഗീത നിശ സംഘടിപ്പിക്കാനും കലാലയക്ക് പദ്ധതി ഉണ്ട്.

## പാരമ്പര്യ കലാരൂപങ്ങളെ വിദേശീയർ എങ്ങിനെ നോക്കികാണുന്നു

വിദേശീയർക്ക് ഈ കലാരൂപങ്ങളെപ്പറ്റി പരിജ്ഞാനം ഒട്ടും കുറവില്ല, എന്നാലും ക്ലാസ്സിക്കൽ നൃത്ത രൂപങ്ങളിൽ കുറച്ചു കൂടി ചടുലമായ അടവുകൾ ഉൾപ്പെടുത്തി അവർക്ക് ആസ്വാദ്യമായ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിക്കാറുണ്ട്.

## വരും തലമുറയ്ക്കായുള്ള സന്ദേശം

ഏതൊരു പ്രവൃത്തിയിലും ആത്മാർപ്പണത്തോടെ മുഴുകുക, ലക്ഷ്യ ബോധത്തോടെ നീങ്ങുക. പഠനത്തോടൊപ്പം തന്നെ കലയെയും മുന്നോട്ട് കൊണ്ട് പോകുക.

**പ്രിയയുടെ വരാനിരിക്കുന്ന എല്ലാ സംരംഭങ്ങൾക്കും**
**വിജയാശംസകൾ നേർന്നു കൊള്ളുന്നു.**

# Harrowing Experience of Work Place Bullying

"Bullying"; when you hear about workplace "bully", you might be picturising a loud and demanding man/woman shouting at work or in a meeting. Remember, bullying is not always loud or aggressive, it happens even through silent gestures which can harm your peace of mind. Here, two friends, Deena Saju and Divya Bejoy reveal their strange and unpleasant experience regarding workplace bullying.

## What is Workplace bullying? How do you recognise that?

**Deena:** In simple words, workplace bullying is repeated, and unreasonable behaviour directed towards a worker or group of workers that creates a risk to health and safety.

Bullies don't always fit into a specific category, even though it's helpful to be able to recognise the common patterns of bullying behaviour. Depending on the nature and context of the conduct, bullying behaviours can include:

- The making of vexatious allegations against a worker.
- Spreading rude and/or inaccurate rumours about an individual,
- Conducting an investigation in a grossly unfair manner.
- Aggressive and intimidating conduct.
- Belittling or humiliating comments.
- Victimisation.
- Practical jokes or initiation.
- Exclusion from work-related events.
- Unreasonable work expectations.

## Personal Experience

Deena:- I joined in an organization in 2014 and received a good acknowledgment from my manager for the first two years. After that, he started to show a kind of targeted approach towards me. Sometimes it used to be less obvious as well. It started with over-loading me with work or not providing enough support I needed for training or completing certain projects, setting deadlines that are impossible to meet etc.. For example, I am a social worker and I have very limited knowledge about Information Technology. Once my manager asked me to do web page designing. I was ready to do the assigned job but only if he could provide me with essential training and support. But he was not ready to provide any such professional support. At that moment, I realized that this is not the right way and decided to investigate it. I reported each and every incident to HR via email. It took nearly 2 years for me to realize that I was constantly been bullied by the manager in multiple ways with unreasonable work expectations, victimization, belittling, aggressive, intimidating conduct. Still, I tried and eventually ended up on stress leave which was not something that happened instantaneously.

The stress built up over the years made me anxious and less confident and had a lot of psychological impacts on me. HR asked me to work under different management and it went like that for a year. Then I came back under the same manager and the story repeated. I did end up with more psychological trauma and decided to fight till I get justice. I went to tribunal

and there I proved the stress that I had gone through over the years and my leave, medical expense everything been paid back by the organisation itself. But the main issue was not been resolved though-Still I had to work under the same manager due to our work pattern. Then I resigned from my permanent job as I did not want to go through the same issues once again and put my mental health in trouble. I joined a different organisation but the impacts of bullying have not left me completely, mainly in regards to gaining confidence and trusting people.

Divya:- My experience is not much different. I joined in a government organisation in 2011. The problems started in 2016/2017. The manager who was a 'Bully' was not my direct manager. I was doing permanent night shifts for the first five years and had very little interaction with supervisors and managers.

One day I received an email from the 'bully' manager and it was a false accusation on me regarding a test report. I replied to that email with an evidence to prove my innocence. After that incident, things changed dramatically. The said manager started bullying me with "Excessive performance monitoring". I went through all types of bullying including unwanted or invalid criticism and blame without factual justification. I was targeted and was treated differently from the rest of my team. Even though my "Performance Review and Development" of previous years were without any such negative feedback, I have been asked to go for several training sessions but without changing my work pattern or schedule. Most of the time,the so called training was not training, instead I was doing my regular duties and was working independently with minimal or nil supervision. She was using my skills and experience, in busy shifts in the name of Training. One of my supervisors, who conduct training provided a written document saying that I do not require any further training as I am competent in what I am doing. The manager was not ready to take that feedback from the person, who closely monitored me and trained me. Instead, she threatened the supervisor for providing feedback without her knowledge.

The manager was targeting me in every possible way and was exerting her power on me. She even blocked my chance of getting promoted to a higher position, that was totally deserving to me. Then I approached the union seeking help. During the meeting she accused me with many humiliating comments regarding my performance, behaviour, and teamwork. That



Divya Bejoy & Deena Saju

was the moment everything got triggered and I realised how badly I have been treated and bullied over the years. Then I went for a stress leave as per the instruction from GP, considering the stress that I had gone through. Incident was reported to the appropriate authorities and a complaint was made to relevant work cover authority. After few months, I had been moved to a different hospital considering my GP's and psychologist's recommendations regarding my mental health. I became very anxious, sensitive and emotional. I lost confidence and trust in people around me. My case is still under investigation even though it's been nearly two years.

## Impacts of Bullying

Deena:- It affected me in several ways. I was showing depressive symptoms. I was anxious and was with very low self-esteem. I lost interest in daily and social activities and had lesser interaction with friends. There was a feeling of isolation. I lost connection with everything and deteriorated the relationship with family and friends. There were mood swings and started crying easily for no reason. I started questioning about my self-worth, and my confidence level dropped down to the bottom. It affected my family life. I was on stress leave for months.

Divya :- Being a victim of bullying affected me both physically and psychologically. I became very anxious and had trouble sleeping, that I never experienced before in my life. I lost interest in daily activities and gained lot of weight. The stress was unbearable and I lost interest in everything and was showing hopelessness. There was an incapacity to work and concentrate. My self-esteem got hurt. My blood pressure shot up and I started taking blood pressure tablets on regular basis.

### Process that you went through (both organisational and personal journey) after realizing that you have been bullied?

Deena:- Before I made any move I informed HR first and filed an "Incident Report". I consulted with my GP and he referred me for taking stress leave considering my situation. I decided to go with the work cover procedure. I filed a complaint against my manager and there was an investigation on the basis of that complaint. I felt that the investigating officer was more in favor of my manager, even though he was a designated person to enquire about my psychological injury. When I decided to go with work cover procedure, my GP warned me that it is going to be very complicated and the psychological injuries are very hard to prove. I decided to go further, thinking that someone should react against these types of bullying. Journey was tough, and they rejected my claim 2 times and then I decided to go to Tribunal. At the end, I was ready to go to court

> "Bullies don't always fit into a specific category, even though it's helpful to be able to recognise the common patterns of bullying behaviour."

but before that, they agreed to my demands and I was reimbursed my leave and medical expenses.

The journey is stressful as it is our responsibility to defend ourselves and prove the point. My HR was supportive as much as they can. During the investigation process I have gone through a "fitness for duty assessment" and the psychiatrist report came with the comment that "She is fit for duty and she can work as far as its under different manager. They recognised the issue and changed the manager for a year. After a year I had to work under the same manager and the issues got worsened again. I decided to resign my job in order to keep myself away from more mental trauma.

Divya:- After the meeting on mid-June 2019, I was very stressed and emotionally unstable. I consulted my GP and the doctor gave me the sick certificate. I filed an incident report and informed the concerned authorities. My GP provided the essential support documents as well. I made an official complaint to relevant work cover authority. I decided to go with Work cover procedures. After few days I received assistance from Return to Work representatives whose job is to support me in order to get back to work. There was an investigation held regarding the incident. I had to provide evidence to an external investigation agency. Then, there was a Psychiatrist appointment to check my mental health fitness. The report came up with the comment "there is a stress but that could be due to the effective administrative action". As you said, they recognised the stress in my case as well and I was moved to work under different location as a part of suitable working arrangements. After all these stressful events, my claim was rejected. Then I approached union and decided to go to tribunal with the help of union representatives. Their lawyer advocate for me and negotiate with my employer on my behalf. After many meetings and talks now the organisation is ready to pay back all my annual

leave, toils and my medical expenses. In my case, I can't say I am fully happy with the outcome. It is true that I got full support in terms of return to work training and placing me back to work. The time and energy that I invested for this procedure was unimaginable. At the same time, the bullied manager was always safe and was not anywhere in the screen at all. It was my journey, I was bullied by a manager who was safe, but my mental health had been affected and I myself had to defend and prove that.




## If you were to go through a different version of bullying, will you be able to recognise?

Deena:- Bullies don't have a specific pattern. So it will be hard to recognise if it is from a different person with different tactic. I think after going through all these issues and trauma I will be more cautious and vigilant. I may be able to recognise if the same type of bullying happens.

## Suggestions to the people who is facing work place bullying?

Deena:- If you been bullied and decided to fight for your rights, always make sure you have got enough emotional strength and good support systems like good friends and family. Think is it worth? Do I have to invest my whole time and energy on it? if your answer is Yes, first try to resolve the problems internally by informing HR or the higher authority. Always track and record what you did.

On the other hand, from my personal experience, I feel its always better to look for new job especially if your company doesn't have a policy or culture you trust to squash bullying swiftly and forcefully.

Divya:- Yes, as you said this is a long process and require lot of energy and time. If you have decided to fight against bullying make sure you have got both.

**Keep records of specific incidents, dates/time and any witnesses.**

**Speak with your manager/supervisor, health and safety representative or union representative (if you have one).**

**Keep records of whom you spoke to and when.**

**Also make sure you are aware of the laws and protocols regarding your rights.**

On the finishing note, our cultural background and upbringing have a major role in being a victim of bullying. In countries like India, we have been taught to respect our elders/managers/ higher authorities. For us whatever the managers/supervisors ask us to do is part of our job. So the upbringing got a major role in how we recognise and react to bullying. As we are migrants, our socio- economic support is very less and there is always an uncertainty/fear factor in us however financially or emotionally stable we are. We must understand that we have equal rights just like any others in this country and must learn to stand for ourselves.

ഇന്ന് വെള്ളിയാഴ്ച, കഴിഞ്ഞ നാലു ദിവസത്തെ തിരക്ക് പിടിച്ച ഓട്ടം അവസാനിപ്പിച്ച് അസ്തമന സൂര്യൻ ഈ കടലിലേക്ക് മുങ്ങാംകുഴി ഇടുന്നത് കാണാൻ കൊതിച്ചെത്തിയായിരുന്നു ഞാൻ. സാമാന്യം നല്ല തിരക്കുണ്ടായിരുന്ന മണൽ പരപ്പുകളിൽ പന്ത് തട്ടിയും, പട്ടം പറത്തിയും ചെറുതും വലുതുമായ കുട്ടികൾ. അച്ഛനമ്മമാർക്കൊപ്പം ആഴ്ചവസാനം ആഘോഷിക്കാൻ എത്തിയതാണവർ.

തീരത്തെ തൊട്ടുകിടക്കുന്ന ആ ഡാൻസ് ബാറിൽ നിന്നും വരികൾ എന്താണെന്നും അർഥം എന്തെന്നും കൃത്യമായി ഇന്നും മനസ്സിലാക്കാൻ കഴിയാത്ത ഇംഗ്ലീഷ് പാട്ടുകൾ ഉച്ചത്തിൽ ഒഴുകിയെത്തുന്നു. സംഗീതം അല്ലേ, അതിനുണ്ടോ വല്ല ഭാഷയും ദേശവും ഒക്കെ എന്നു പിറു പിറുത്തു ഞാനും ഒരു നല്ല സംഗീത ആസ്വാദകൻ ആയി. പരസ്പരം കെട്ടിപ്പിടിച്ചും, ചുണ്ടിൽ ഉമ്മവെച്ചും ചില്ലു ഗ്ലാസുകളിൽ മധു നുണയുന്ന യുവ മിഥുനങ്ങൾ. ഈ രാത്രി അവരുടേത് മാത്രമാണ് എന്നാണ് അവരിൽ ചിലരുടെയെങ്കിലും വിചാരം. മനസ്സിൽ ഒട്ടും ചെറുതല്ലാത്ത കുശുമ്പോടെ അവിടുത്തെ കാഴ്ചകളിൽ നിന്ന് ഞാൻ മുഖം തിരിച്ചു.

ഫാസ്റ്റ് ഫുഡ് സംസ്കാരം കൊണ്ടും അനുദിനം വളരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾകൊണ്ടും

# ആഘോഷങ്ങൾ



രാം കുമാർ



ആരോഗ്യം നഷ്ടമാകുന്നു എന്ന് സ്വയം തോന്നലുള്ളവരിൽ ചിലർ ശരീര സംരക്ഷണത്തിനായി തീരത്തിന്റെ അരികിൽ തീർത്ത മനോഹരമായ നടവഴികളിലൂടെ ഓട്ടത്തിലും, ചാട്ടത്തിലും നടത്തത്തിലും ഏർപ്പെട്ടിരിക്കുന്നു. ചിലർ സൈക്കിളിൽ ആണ് അഭ്യാസ പ്രകടനം. പല പ്രായക്കാർ, ഭാഷക്കാർ, ദേശക്കാർ, വേഷക്കാർ അങ്ങിനെ ആരോഗ്യ സംരക്ഷണത്തിന് ഇറങ്ങിത്തിരിച്ച ഒട്ടനവധി പേർ, ആണിനും പെണ്ണിനും പ്രത്യേകം നിറം കൊടുത്ത സൈക്കിളുകൾ, അതു കണ്ടപ്പോ ഒരു നിമിഷം സ്ത്രീ– പുരുഷസമത്വത്തെക്കുറിച്ചൊക്കെ ചുമ്മാതൊന്ന് ചിന്തിച്ചു... സ്വയം പുഞ്ചിരിച്ചു... ഒപ്പം ചാടിയ വയറിൽ തടവി സ്വന്തം ആരോഗ്യത്തെക്കുറിച്ചു അഭിമാനിച്ചു തലയുർത്തി പിടിച്ചു.



കൂറ്റൻ തിരമാലകളെ രണ്ടായി പിളർത്താൻ വെമ്പി നിൽക്കുന്ന ആ വലിയ കടൽ പാലത്തിൽ ഇന്ന് സാമാന്യം നല്ല തിരക്കുണ്ട്. മീൻ പിടിക്കാൻ എത്തിയവരാണ് അതിലേറെയും. ചൂണ്ടയും, കൊളുത്തും, ഞണ്ട് പിടിക്കാൻ ഉള്ള കുഞ്ഞു വലയുമായി മനോഹരമായ ഈ സായാഹ്നം അവരും ആഘോഷമാക്കുകയാണ്. കയ്യിലുള്ള അവരുടെ പണി ആയുധങ്ങൾക്കൊണ്ട് ഇക്കടലിലെ സമ്പത്ത് മുഴുവൻ അവർ കോരി എടുക്കുമോയെന്ന് ഒരുനിമിഷം വെറുതെ ഞാൻ സംശയിച്ചു. കൈ പിടിച്ച് അടുത്തിരിക്കാൻ പ്രണയിനിമാരൊന്നും കൂട്ടില്ലാത്തതു കൊണ്ട് ബോറടിച്ച എന്റെ കൈവിരലുകൾ പൂഴി മണലിൽ ദേഷ്യത്തോടെ എന്തൊക്കെയോ കുത്തിക്കുറിച്ചു കൊണ്ടിരുന്നു, തീരത്തെ തഴുകിയെത്തിയ ഇളം കാറ്റ് കാതിൽ കിന്നാരം ചൊല്ലിത്തന്നു. എല്ലാവരും ആഘോഷത്തിലാണ്. ഒരു പക്ഷെ ഈ ലോകം മുഴുവനും സർവ ചരാചരങ്ങളും പലവിധത്തിൽ ദൈവം വെച്ചു നീട്ടിയ ജീവിതം ആസ്വദിക്കുന്ന തിരക്കിലാണ്, അക്കൂട്ടത്തിൽ ഈ മണൽ പരപ്പിൽ ഞാനും.

കൂറ്റൻ തിരമാലകളെ രണ്ടായി പിളർത്താൻ വെമ്പി നിൽക്കുന്ന ആ വലിയ കടൽ പാലത്തിൽ ഇന്ന് സാമാന്യം നല്ല തിരക്ക് ഉണ്ട്. മീൻ പിടിക്കാൻ എത്തിയവർ ആണ് അതിൽ ഏറെയും. ചൂണ്ടയും, കൊളുത്തും, ഞണ്ട് പിടിക്കാൻ ഉള്ള കുഞ്ഞു വലയുമായി മനോഹരമായ ഈ സായാഹ്നം അവരും ആഘോഷമാക്കുകയാണ്.

പാലത്തിൽ നിന്നും ചൂണ്ടയിട്ട് കൊണ്ടിരുന്ന ചെറുപ്പക്കാരൻ ഒരു വലിയ മീനിനെ കരയിലേക്ക് വലിച്ചു കയറ്റിയിട്ടുണ്ട്. മീൻ കിട്ടിയ സന്തോഷത്തിൽ ആൾ പാലത്തിൽ നിന്നും അലറി വിളിക്കുന്നുമുണ്ട്. ഒരു നിമിഷം എല്ലാരുടെയും ശ്രദ്ധ ഒച്ച വെച്ചുകൊണ്ടിരുന്ന ആ ചെറുപ്പക്കാരനിലേക്കായി. പെട്ടെന്ന് എന്റെ അടുത്തു വെച്ചിരുന്ന മൊബൈൽ ഫോൺ തുരുതുര പിടച്ചു, ചൂണ്ടയിൽ കുരുങ്ങി കടൽ പാലത്തിൽ കിടന്നു അവസാന ശ്വാസത്തിനുവേണ്ടി ആ വലിയ മീൻ പിടച്ചത് പോലെ. ഒരു Whatsapp സന്ദേശം ആണ്. നാട്ടിലെ സ്കൂൾ ഗ്രൂപ്പിൽ നിന്നാണ്. പ്രിയ കൂട്ടുകാരന്റെ ഫോട്ടോയും താഴെ ഒരു മെസ്സേജും; 'സഹപാഠിയും നാട്ടുകാരനും സ്നേഹ നിധിയുമായ പ്രിയപ്പെട്ട ജയകൃഷ്ണൻ ഹൃദയാഘാതം വന്നു മരണപ്പെട്ടിരിക്കുന്നു. അനുശോചനങ്ങൾ.' വിശ്വസിക്കാനാവുന്നില്ലാ...

നെറ്റിയിൽ കുറി വരച്ചു പുഞ്ചിരി തൂകി നിൽക്കുന്ന അവന്റെ ഫോട്ടോയിൽ നിന്നും കണ്ണെടുത്തപ്പോഴേക്കും എല്ലാ ആഘോഷങ്ങളും അവസാനിപ്പിച്ച് സൂര്യൻ ആ കടലിൽ താഴ്ന്നു പോയിരുന്നു, എന്റെ ചുറ്റും കുറ്റാക്കൂരിരുട്ട് പരന്നിരുന്നു. അതേ ജീവിതമെന്ന ആഘോഷത്തിലെ അവസാന ആഘോഷമാണല്ലോ മരണമെന്ന ആഘോഷം...



# സാമൂഹ്യ സേവനത്തിന്റെ സമസ്ത മേഖലകളിൽ

സാമൂഹ്യ സേവനത്തിന്റെ സമസ്ത മേഖലകളിലും അഭിനന്ദനാർഹമായ സേവനമനുഷ്ഠിച്ച് അഡ്‌ലെയിഡിലെ മലയാളികൾക്ക് അഭിമാനമായി മാറിയ ഫാദർ തോമസ്സ് കാരാമക്കുഴിയുമായി പ്രവാസി മാഗസ്സിൻ നടത്തിയ അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ





സജിമോൻ ജോസഫ് വരകുകാലയിൽ

കാർത്തിക താന്നിയ്ക്കൻ

***റിബേക്ക ഷാർക്കി അച്ചന്റെ സേവനങ്ങളെക്കുറിച്ച് ഓസ്ട്രേലിയൻ പാർലമെന്റിൽ വളരെ അഭിനന്ദനാർഹമായ രീതിയിൽ സംസാരിക്കുകയുണ്ടായി, അതിനെക്കുറിച്ച് ഞങ്ങൾ കൂടുതൽ അറിയുവാൻ താത്പര്യപ്പെടുന്നു?***

